LIBRARY ARCHIVES Kerala Legislative Assembly

സ്കൂൾവിദ്യാർത്ഥികളുടെ ഉച്ചഭക്ഷണത്തിന്റെ ഗുണനിലവാര പരിശോധന

51 (2602) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂൾ വിദ്യാർത്ഥികൾക്ക് ഉച്ചഭക്ഷണത്തിനായി സിവിൽ സപ്ലൈസ് വകുപ്പ് മുഖാന്തിരം നൽകിവരുന്ന അരി, പലവ്യഞ്ജനം എന്നിവയുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ ;

(ബി) വിതരണം ചെയ്യുന്ന അരിയിലെ പുഴു, പാറ്റ, കീടങ്ങൾ എന്നിവ കാരണവും അവ അശ്രദ്ധമായി പാചകം ചെയ്യുന്നതിന്റെ ഫലമായും കുട്ടികൾക്ക് ആരോഗ്യപ്രശ്നങ്ങൾ ഉണ്ടായതായി റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ) സ്കൂൾ വിദ്യാർത്ഥികൾക്ക് ഉച്ചഭക്ഷണത്തിനായി സംസ്ഥാനത്ത് വിതരണം ചെയ്യുന്ന അരി, പലവ്യഞ്ജനം എന്നിവ ഉൾപ്പെടെയുള്ളവയുടെ സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് അയയ്ക്കാറുണ്ട്. കൂടാതെ സ്കൂൾ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുവാൻ ഉദ്ദേശിക്കുന്ന അരി, പലവ്യഞ്ജനം എന്നിവ കൈകാര്യം ചെയ്യുമ്പോൾ കൂടുതൽ ജാഗ്രത പാലിക്കണമെന്നുള്ള നിർദ്ദേശവും വിദ്യാഭ്യാസ വകുപ്പിന് ഇതിനകം നൽകിയിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) അത്തരത്തിൽ പരാതികൾ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സ്കൂൾ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുവാൻ ഉദ്ദേശിക്കുന്ന അരി, പലവ്യഞ്ജനം എന്നിവ കൈകാര്യം ചെയ്യുമ്പോൾ കൂടുതൽ ജാഗ്രത പാലിക്കണമെന്നുള്ള നിർദ്ദേശവും ഫുഡ് സേഫ്റ്റി രജിസ്ട്രേഷൻ എടുക്കുന്നതിനുള്ള നിർദ്ദേശവും വിദ്യാഭ്യാസ വകുപ്പിന് നല്കിയിട്ടുണ്ട്. കൂടാതെ കുട്ടികൾക്ക് ഭക്ഷണം തയ്യാറാക്കുന്ന എല്ലാ സ്കൂളുകളും ഭക്ഷ്യസുരക്ഷാ നിലവാര നിയമപ്രകാരമുള്ള രജിസ്ട്രേഷൻ കരസ്ഥമാക്കുവാനും ഇതിനകം നിർദ്ദേശം നല്കിയിട്ടുണ്ട്.

വളർത്തു പക്ഷികൾക്കിടയിലെ പക്ഷിപ്പനി

52 (2603) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വളർത്തു പക്ഷികൾക്കിടയിൽ പക്ഷിപ്പനി വ്യാപകമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഏതെല്ലാം ജില്ലകളിൽ, പ്രദേശങ്ങളിൽ പക്ഷിപ്പനി റിപ്പോർട്ട് ചെയ്തിട്ടുണ്ട് ;

(ബി) പക്ഷിപ്പനി മനുഷ്യരിലേക്ക് പകരാതിരിക്കാൻ സ്വീകരിച്ച മുൻ കരുതലുകൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ; സംസ്ഥാനത്ത് എച്ച്1 എൻ1 കേസുകൾ റിപ്പോർട്ട് ചെയ്തത് എവിടെയെല്ലാം ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ; മരണം റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; കണക്ക് ലഭ്യമാക്കാമോ ;

(സി) ആശുപത്രികളിൽ മതിയായ സൗകര്യങ്ങളും പ്രതിരോധ സംവിധാനവും ഇല്ലെന്നത് രോഗപ്രതിരോധവും വ്യാപനവും വഷളാക്കുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആലപ്പുഴ ജില്ലയിലെ പുറക്കാട്, തലവടി ചെന്നിത്തല എന്നിവിടങ്ങളിലും കോട്ടയം ജില്ലയിലെ അയ്മനം, കുമരകം, ആർപ്പുക്കര എന്നിവിടങ്ങളിലും പത്തനംതിട്ട ജില്ലയിലെ പെരിങ്ങരയിലും പക്ഷിപ്പനി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി)

- പക്ഷിപ്പനി മനുഷ്യരിലേക്ക് പകരുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി പക്ഷിപ്പനി റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളുടെ ഒരു കി.മീ. ചുറ്റളവിലുള്ള പ്രദേശത്തെ മുഴുവൻ പക്ഷികളേയും കൊന്ന് സംസ്കരിക്കുന്നതിന് മൃഗസംരക്ഷണ വകുപ്പുമായി സഹകരിച്ച് പ്രവർത്തിച്ചുവരുന്നു.

- പക്ഷികളെ കൊല്ലുന്നതും സംസ്കരിക്കുന്നതുമായ പ്രക്രിയകളിൽ ഏർപ്പെടുന്നവർക്ക് രോഗം പകരാതിരിക്കാനുള്ള പ്രതിരോധ മരുന്ന് വിതരണം ചെയ്തിട്ടുണ്ട്. ഇവരുടെ ആരോഗ്യ പരിശോധനകൾ നിത്യേന നടത്തുന്നുണ്ട്.

- രോഗ നിയന്ത്രണത്തിന്റെ ഭാഗമായി പക്ഷികളെ കൊന്നൊടുക്കിയ ഒരു കി.മീ. ചുറ്റളവിലും മനുഷ്യരിലേക്ക് രോഗം വ്യാപിക്കുന്നുണ്ടോ എന്നറിയാനുള്ള രോഗ നിരീക്ഷണ പ്രവർത്തനങ്ങൾ ഫീൽഡ്തലത്തിലും ആരോഗ്യ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ചും നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

• പക്ഷിപ്പനി നിയന്ത്രണത്തിന് ആവശ്യമായ മരുന്നുകൾ, സംരക്ഷണ ആവരണങ്ങൾ (പി.പി.ഇ. കിറ്റുകൾ) മുതലായവ സ്വരൂപിച്ച് മൂന്ന് ജില്ലകളിൽ അടിയന്തരമായി എത്തിക്കാൻ നടപടികൾ സ്വീകരിച്ചു എച്ച് 1 എൻ 1 കേസുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) ആലപ്പുഴയിലും കോട്ടയത്തും പത്തനംതിട്ടയിലും ഐസൊലേഷൻ ആശുപത്രി സംവിധാനം, പ്രത്യേകം നിയോഗിക്കപ്പെട്ട ഡോക്ടർമാർ, മറ്റ് അനുബന്ധ ജീവനക്കാർ എന്നിവർ തയ്യാറാണ്. കോട്ടയം, ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രികളിൽ വേണ്ടിവന്നാൽ എച്ച് 5 എൻ 1 രോഗിക്ക് ഐ.സി.യു. പരിചരണം നൽകാൻ സജ്ജമാക്കിയിട്ടുണ്ട്. വെന്റിലേറ്റർ അടക്കമുള്ള സംവിധാനങ്ങൾ തയ്യാറാണ്. കൂടാതെ പ്രതിരോധ മരുന്നായ ഒസൾട്ടാമിവിർ, പി.പി.ഇ കിറ്റുകൾ, മാസ്കുകൾ എന്നിവ ഈ മൂന്നു ജില്ലകളിലുമായി ലഭ്യമാക്കിയിട്ടുണ്ട്.

വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം

53 (2604) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് H1-N1, H5-N1 തുടങ്ങിയ വിവിധ പകർച്ച വ്യാധികൾ വ്യാപിക്കുമ്പോഴും പരിശോധനാ ഫലങ്ങൾ ലഭ്യമാക്കുന്നതിലെ കാലതാമസം സർക്കാർ ഗൗരവമായി കാണുന്നുണ്ടോ ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് ആരംഭിച്ച ആലപ്പുഴയിലെ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം സമയബന്ധിതമായി പൂർത്തീകരിച്ചിരുന്നെങ്കിൽ ഇത്തരം സന്ദർഭങ്ങളിൽ മറ്റ് സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടിവരുമായിരുന്നോ ;

(സി) വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് പോലുള്ള സ്ഥാപനങ്ങളെ ലക്ഷ്യപ്രാപ്തിയിൽ എത്തിക്കുന്നതിന് രാജീവ്ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് പോലുള്ള ശാസ്ത്ര-ഗവേഷണ സ്ഥാപനങ്ങളുടെ സഹകരണവും സൗകര്യങ്ങളും പ്രയോജനപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly